# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂൺ 30, വ്യാഴം*

വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2016 ജൂൺ മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *61.

### പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതി

1(*61) ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. എം. മണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം നൽകാമോ; ഈ പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ;

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഭവനരഹിതർക്കെല്ലാം സമയബന്ധിതമായി വീട് നിർമ്മിച്ചു നൽകുവാനോ, പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുപുറത്ത് എല്ലാവിധ ആധുനിക സൗകര്യങ്ങളുള്ളിടത്ത് പുനരധിവസിപ്പിക്കാനോ ഉള്ള പദ്ധതിയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ ): സർ,

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പുവഴി വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജനറൽ ഹൗസിംഗ് പദ്ധതി, HUDCO ഭവനനിർമ്മാണ പദ്ധതി, A.T.S.P. ഭവനനിർമ്മാണ പദ്ധതി എന്നിവയ്ക്കുപുറമേ ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന I.A.Y. ഭവന നിർമ്മാണ പദ്ധതി വഴിയും വീടുകൾ അനുവദിക്കുന്നുണ്ട്. 350 ചതുരശ്ര അടി വീട് നിർമ്മിക്കുന്നതിന് 3.5 ലക്ഷം രൂപയാണ് നിലവിൽ അനുവദിക്കുന്നത്. 6 വർഷം പൂർത്തിയായ വീടുകളുടെ അറ്റകുറ്റപണിക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും അനുവദിക്കുന്നുണ്ട്. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക ഉപയോഗിച്ച് നിലവിൽ ഗുണഭോക്താക്കൾ തന്നെയാണ് വീടുകൾ നിർമ്മിക്കുന്നത്. നല്ലൊരു ശതമാനം ഗുണഭോക്താക്കളും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായി കണ്ടിട്ടുണ്ട്. മാത്രമല്ല പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പലതും ഗതാഗത സൗകര്യമില്ലാത്തതും ദുർഘടവുമായ വനാന്തരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിൽ ഭവന നിർമ്മാണം നടത്തുമ്പോൾ ചുമട്ടുകൂലി ഇനത്തിൽത്തന്നെ നല്ലൊരു ശതമാനം തുക ചെലവഴിക്കേണ്ടിവരുന്നു. കൂടാതെ വിദഗ്ദ്ധരായ നിർമ്മാണ തൊഴിലാളികളുടെ അഭാവം, നിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാലും പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് തടസമാകാറുണ്ട്. ഇത്തരം അധിക ചെലവുമൂലം അനുവദിക്കുന്ന തുക മാത്രം ഉപയോഗിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്.

(ബി) ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷം 33652 വീടുകൾ അനുവദിച്ചു. അതിൽ പണി പൂർത്തീകരിച്ചത് 384-ഉം പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളത് 33268-ഉം ആണ്. ഇതിനു പുറമെ 20061 ഭവനരഹിതർ കൂടിയുണ്ട്.

(സി) പുതിയ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ പദ്ധതി വഴി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിച്ച് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് TRDM വഴിയും വകുപ്പുതലത്തിൽ ഫണ്ട് ചെലവഴിച്ച് ഭൂമി വാങ്ങുന്ന പദ്ധതിയും നിലവിലുണ്ട്. വനാവകാശ നിയമം 2006 പ്രകാരവും KST ആക്ട് പ്രകാരവും ഭൂരഹിതർക്ക് ഭൂമി നൽകുന്നുണ്ട്. ഇതുപ്രകാരം തുടർന്നും ഭൂരഹിതർക്ക് ഭൂമി അനുവദിക്കുന്നതാണ്. 2016-17 വർഷം 5000 വീടുകൾ അനുവദിക്കാൻ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആൻസലൻ : സർ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്കെല്ലാം ഭവനങ്ങൾ ലഭ്യമായിട്ടുണ്ടോ; ഈ സർക്കാർ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി വീട് നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, അതാണ് 'ബി'-യുടെ ഉത്തരത്തിൽ സൂചിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റ് 33652 വീടുകൾ അനുവദിച്ചതിൽ പൂർത്തീകരിച്ചത് 384 ആണ്. ബാക്കി വീടുകൾ പൂർത്തീകരിക്കുന്നതിന് 524 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. അത് ബഡ്ജറ്റിൽ ഇല്ല. പുതിയ ഗവൺമെന്റ് ഈ തുക കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇന്ദിരാ ആവാസ് യോജന പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. ട്രൈബൽ വകുപ്പ് ഒരു വീടിന് കൊടുക്കേണ്ടത് ഒരു ലക്ഷം രൂപയാണ്. ബാക്കി രണ്ടര ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കൊടുക്കേണ്ടത്. 50,000 രൂപ ഗവൺമെന്റ് സബ്സിഡിയാണ്. എന്നാൽ ഇന്ദിരാ ആവാസ് യോജനയിൽ ഒരു വീടുപോലും കൊടുത്തിട്ടില്ല.

ശ്രീ. കെ. ആൻസലൻ : സർ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടികഗോത്ര വർഗ്ഗക്കാർക്കായി സമ്പൂർണ്ണ ഭവന പദ്ധതി പ്രഖ്യാപിച്ചിരുന്നത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് വാസയോഗ്യമായ വസതിയില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ കണക്കെടുത്തിട്ടുണ്ടോ; ഇവർക്കെല്ലാം ഈ സർക്കാർ അധികാരം ഒഴിയുമ്പോൾ വീട് നൽകാൻ അടിയന്തരമായി നടപടിയെടുക്കുമെന്ന് പറയാൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ഗവൺമെന്റിന്റെ കണക്കുപ്രകാരം ഭൂരഹിതരായിട്ടുള്ള കുടുംബങ്ങൾ 10517 ആണ്. അത് ഓരോ കൊല്ലം കഴിയുന്തോറും കൂടും. കാരണം കുടുംബങ്ങൾ വർദ്ധിക്കുകയാണ്. ഇപ്പോൾ 10517 കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് കൊടുക്കേണ്ടതായിട്ടുണ്ട്. അതിനുപുറമേ നേരത്തെ സൂചിപ്പിച്ച 33652 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുനിർമ്മാണം പൂർത്തീകരിക്കേണ്ടതുമുണ്ട്. സാമ്പത്തികമായി വളരെയേറെ ബാധ്യത വരുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതാണ്ട് 2137 കോടി രൂപയുടെ ഒരു പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ജനസംഖ്യാനുപാതികമായിട്ടാണ് നൽകുന്നത് അതിനാൽ ഈ തുക പ്രതീക്ഷിക്കേണ്ട എന്നാണ് മന്ത്രി പറഞ്ഞത്. എന്നാലും മൂന്നുനാല് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി ആറ് കോടി രൂപ തരാമെന്ന് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മണി : സർ, ഞാൻ ഉപചോദ്യമായി ഉന്നയിക്കാൻ നിശ്ചയിച്ചിരുന്ന കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം ഭവനം ലഭ്യമായിട്ടുണ്ടോ; ഈ സർക്കാർ പട്ടികജാതി വർഗ്ഗങ്ങൾക്കെല്ലാം സമയബന്ധിതമായി വീട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നതായിരുന്നു എന്റെ ഉപചോദ്യം. അതിനുള്ള മറുപടി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, സമഗ്രമായ ഭവന പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. ഇന്ദിരാ ആവാസ് യോജനയും ഇ.എം.എസ്. ഭവന പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് ഫലപ്രദമായി നടപ്പാക്കണമെങ്കിൽ ഗവൺമെന്റ് കാര്യക്ഷമമായി ഇടപെടുകയും റിവ്യൂ നടത്തുകയും വേണം. എങ്കിൽ ഇത് പ്രായോഗികമാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല. യഥാർത്ഥത്തിൽ നാൽപതിനായിരത്തോളം വീടുകളുടെ പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ആനുപാതികമായി കിട്ടുന്നതിനപ്പുറം അഡീഷണൽ ട്രൈബൽ സപ്ലൈ ഇനത്തിൽ കുറച്ച് തുക കൂടി ചോദിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം 40 കോടി രൂപ കിട്ടിയിരുന്നു. എന്നാലും ഇക്കാര്യം നമ്മൾ പ്രൊസീഡ് ചെയ്യുകയാണ്. ഈ അഞ്ചുവർഷംകൊണ്ട് വീടിന്റെയും ഭൂമിയുടെയും പ്രശ്നം പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാടായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുക. അതിന് സമയബന്ധിതമായിട്ടുള്ള റിവ്യൂവും നടത്തും.

ശ്രീ. മുരളി പെരുനെല്ലി : സർ, പട്ടികഗോത്ര വർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ മുൻ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികളൊന്നും ആത്മാർത്ഥതയോടെ നടപ്പിലാക്കിയില്ലെന്നു മാത്രമല്ല അഴിമതിക്കുള്ള മാർഗ്ഗമായി ഉപയോഗിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. വയനാട്ടിൽ ഒരുമ്മൽ കോളനിയിൽ അടുക്കള പോലുമില്ലാതെ ചോർന്നൊലിക്കുന്ന കോളനികളുടെ മുറ്റവും റോഡും മുഴുവൻ ഇന്റർലോക്ക് ഇഷ്ടിക പാകി മോടിപിടിപ്പിച്ച സംഭവം ഒരു ഉദാഹരണമാണ്. പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ടവരെ അവഹേളിക്കുന്ന ഇത്തരം വികസന പദ്ധതികൾക്കുപകരം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനാവശ്യമായ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിന് രണ്ട് പദ്ധതിയുണ്ട്. A.T.S.P (Additional Tribal Sub Plan) പ്രകാരം ഒരു കോളനി നവീകരണ പദ്ധതിയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഊരുകൾ സന്ദർശിച്ചതിനുശേഷം ആ വകുപ്പുതന്നെ രൂപം കൊടുത്ത ST Hamlet Development പദ്ധതിയുമുണ്ട്. ദയനീയമായ അവസ്ഥ എന്താണെന്നുവച്ചാൽ, പ്രഖ്യാപിക്കുക എന്നല്ലാതെ ഇതിന് പണം അനുവദിക്കാറില്ല. എന്നാൽ പണം ഇല്ലായെന്ന് കണ്ടാൽ ശക്തമായി പ്രതികരണം ഉണ്ടാകണ്ടേ? അതിന്റെ ഭാഗമായാണ് ഈ പ്രശ്നം ഉണ്ടായത്. 2014-15-ൽ 134-കോളനികളും 2015-16-ൽ 150 കോളനികളും എടുത്തു. 284 കോളനികളിൽ 25 ശതമാനം പോലും പണി പൂർത്തീകരിച്ചിട്ടില്ല. കൽപ്പറ്റയിലെ ഒരുമ്മൽ കോളനിയിൽ ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 96 ലക്ഷം രൂപ ചെലവുചെയ്തുവെന്ന് പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. യഥാർത്ഥത്തിൽ വീടുകളുടെ നവീകരണമാണ് ചെയ്യേണ്ടിയിരുന്നത്. വീടിന്റെ നവീകരണത്തിനുവേണ്ടി 2 ലക്ഷം രൂപയും നടപ്പാതയ്ക്കുവേണ്ടി 18 ലക്ഷം രൂപയും ചെലവഴിക്കുകയാണുണ്ടായത്. ഇടിഞ്ഞു പൊളിഞ്ഞ വീട്ടിനകത്തുനിന്ന് ആദിവാസി റോഡ് കണ്ട് ആസ്വദിക്കുകയാണ്. ഉദ്യോഗസ്ഥരോട് ഇക്കാര്യം സമഗ്രമായി പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്. പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പറ്റിക്കലാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏജൻസികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തി റിപ്പോർട്ട് നിയമസഭയിൽ വയ്ക്കാം.

ശ്രീ. ഒ. ആർ. കേളു : സർ, ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി മുൻ ഗവൺമെന്റ് വിഹിതം നൽകിയിട്ടില്ല. അങ്ങനെ നൽകാത്തതിന്റെ പേരിൽ 18500-ഓളം വീടുകളുടെ പണി പുരോഗമിക്കുന്നില്ല. അതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും പ്രതിസന്ധിയിലാണ്. അക്കാര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്നാണ് ചോദിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ഐ.എ.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് ഞാൻ അപ്പുറത്തിരിക്കുമ്പോൾത്തന്നെ രണ്ട് ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾ കൊണ്ടുവന്നതാണ്. 650 കോടി രൂപ അന്ന് കുടിശ്ശികയാണ്. ഇന്ദിരാ ആവാസ് യോജനയെന്നു പറയുന്നത് മൂന്ന് ലക്ഷം രൂപയുടെ പദ്ധതിയാണ്. അതിൽ 50,000 രൂപ ഗവൺമെന്റ് സബ്സിഡിയായി കൊടുക്കേണ്ടതാണ്. 70,000 രൂപ കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഇതിലെ പ്രശ്നം എന്നുപറയുന്നത്, തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾക്കും കൊടുക്കാൻ കഴിഞ്ഞില്ല ഗവൺമെന്റ് സബ്സിഡിയും കൊടുത്തില്ല എന്നതാണ്. അതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് കൊടുത്ത 70,000 രൂപ ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നു. ഇതിന്റെ അനുബന്ധമായിട്ടുണ്ടായ പ്രശ്നമെന്നുപറയുന്നത് രണ്ട് ലക്ഷം രൂപയാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണത്തിനുവേണ്ടി കൊടുക്കുന്നത്. ഇന്ദിരാ ആവാസ് യോജനയിൽ ഒരു ലക്ഷം രൂപ നമ്മൾ augment ചെയ്യുകയാണ്. അതും കൊടുത്തില്ല. ഫലത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം വീടുനിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ *61-മായി *70 ക്ലബ് ചെയ്യണമെന്ന് മിനിസ്റ്റർ പറഞ്ഞതല്ലാതെ നേരത്തെ റിക്വസ്റ്റ് തന്നിട്ടില്ല. അതുകൊണ്ട് അംഗങ്ങൾക്ക് ഉപചോദ്യം ചോദിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഈ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് 33,000 വീടുകൾ അനുവദിച്ചതിൽ 300 എണ്ണമാണ് പൂർത്തീകരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കണക്ക് ജില്ലാ തലത്തിലാണോ നിയോജകമണ്ഡലാടിസ്ഥാനത്തിലാണോ സംസ്ഥാന തലത്തിലാണോ എന്ന് വ്യക്തമാക്കുമോ? കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച ഹാംലെറ്റ്, മോഡൽ കോളനി ഉൾപ്പെടെയുള്ള പദ്ധതികളും കോർപ്പസ് ഫണ്ടുകളുമൊക്കെ ജനസംഖ്യാനുപാതികമായി ജില്ലാതലത്തിൽ അനുവദിക്കുമോ? ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പ്രത്യേക എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടേത് നല്ലൊരു ചോദ്യമാണ്. പ്രതിപക്ഷത്തുനിന്ന് ഒരു ചോദ്യം വന്നോട്ടെ എന്നുള്ളതുകൊണ്ടാണ് ക്ലബ്ബ് ചെയ്യണമെന്ന് ഞാൻ പറഞ്ഞത്. 33652 വീടുകൾ അനുവദിച്ചതിൽ 384 എണ്ണമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്നുപറഞ്ഞത് എന്റെ കണക്കല്ല. നിങ്ങളുടെ കാലഘട്ടത്തിൽ നിയമിച്ച ഡയറക്ടറുടെ നിയന്ത്രണത്തിൽ ഞാൻ യോഗം വിളിച്ചുചേർത്തു. അതിനു പുറമേ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തു. അങ്ങനെ എടുത്തിട്ടുള്ള ഔദ്യോഗിക കണക്കാണിത്. ഇതിലൊന്നും ഒരു രൂപത്തിലുള്ള മായം ചേർക്കൽ പ്രക്രിയയും ഇല്ല. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

മോണിറ്ററിംഗ് കമ്മിറ്റിയെ വയ്ക്കുവാൻ പോകുകയാണ്. ഈ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സെക്രട്ടേറിയേറ്റ് തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഓരോ മാസവും റിവ്യൂ ചെയ്യും. പഴയ ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികളാണെങ്കിലും, പണമില്ലെങ്കിൽപ്പോലും അവ ലഭ്യമാക്കി ഹാംലെറ്റ്, എസ് റ്റി. നവീകരണ പദ്ധതി തുടങ്ങിയവ തുടർന്നും മുമ്പോട്ട് കൊണ്ടു പോകുമെന്നുള്ളതിൽ യാതൊരു സംശയവും വേണ്ട. നിലവിലുള്ള പ്രശ്നം പറഞ്ഞു എന്നുമാത്രം. അത് അറിയാതിരിക്കാൻ പാടില്ലല്ലോ. നേരെമറിച്ച് ഞങ്ങൾ പ്രതിപക്ഷത്തിരുന്ന സമയത്ത് ആരെങ്കിലും ഇതുസംബന്ധിച്ച് ഒരു ചോദ്യവുമായി വന്നിരുന്നെങ്കിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയോട് ഇതുസംബന്ധിച്ച് കൃത്യമായി പറയുമായിരുന്നു. പക്ഷെ അന്ന് ഒളിച്ചുവച്ചു എന്നുള്ളതാണ് വസ്തുത. പാവങ്ങൾക്കു കിട്ടേണ്ട കാശ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ശക്തമായിട്ടുള്ള നടപടി ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഉണ്ടാകണം. കോളനിയിലെ കുടിലുകളിൽ ഈ പാവങ്ങൾ കിടക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയില്ലേ.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : സർ, വയനാട് ജില്ലയിൽ ജില്ലാ കളക്ടറോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പ്രോജക്ട് ഓഫീസറോ അറിയാതെ കോളനി വികസനത്തിനുവേണ്ടി എഫ്.ഐ.റ്റി.എൽ. എന്ന ആലുവാ കൺസ്ട്രക്ഷൻ കമ്പനിക്ക് 36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിലൊന്നാണ് നേരത്തെ ഇവിടെ സൂചിപ്പിച്ച ഒരുമ്മൽ കോളനി. 27 വീടുകൾ അവിടെയുണ്ട്. ഒരു വീടും പൂർത്തീകരിച്ചിട്ടില്ല. മുറ്റം മാത്രം ടൈൽസ് ചെയ്തിട്ടുണ്ട്. അതുപോലെ നാലായിരത്തോളം വീടുകളുടെ നിർമ്മാണം വിവിധ ഏജൻസികൾ എറ്റെടുത്തിട്ട് പണി പൂർത്തിയാകാതെ കിടക്കുകയാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്; എഫ്.ഐ.റ്റി.എൽ. കൺസ്ട്രക്ഷൻ കമ്പനിയുടെ തട്ടിപ്പ് സംബന്ധിച്ച് സർക്കാർ അന്വേഷിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇത് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. എഫ്.ഐ.റ്റി.എൽ. (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) എന്നത് ഒരു കൺസൾട്ടൻസി ഏജൻസിയാണ്. ഇങ്ങനെ എൻലിസ്റ്റ് ചെയ്തിട്ടുള്ള കുറേ കമ്പനികളുണ്ട്. ആ കമ്പനികൾ പ്രോപ്പറായി പ്രവൃത്തി ചെയ്തിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. ഗവൺമെന്റുതന്നെ ഊരു വികസന പദ്ധതികൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനും ജില്ലാ നിർമ്മിതി കേന്ദ്രത്തിനും കൊടുക്കുന്നുണ്ട്. അവർ കൺസൾട്ടൻസി ഫീസ് വാങ്ങുന്നുമുണ്ട്. പ്രവൃത്തി ഇവരെ

ഏൽപ്പിച്ചുകഴിഞ്ഞാൽ പണി നടന്നുകൊള്ളണമെന്നില്ല. പക്ഷേ, ആ ഏജൻസി ഇതൊരു തട്ടിപ്പിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്നുള്ള ഒരു പ്രശ്നമുണ്ട്. 96 ലക്ഷം രൂപയുടെ പദ്ധതിക്ക് 8,83,000 രൂപയാണ് കൺസൾട്ടൻസി ഫീസായി വാങ്ങിയത്. പക്ഷേ, ഉദ്ദേശ്യം എന്താണോ അതല്ല നിർവ്വഹിച്ചിട്ടുള്ളത്. ഒരുമ്മൽ കോളനിയുടെ അനുഭവം പത്ര-ദൃശ്യമാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നതുകാരണം നമ്മൾ അറിഞ്ഞു. ബാക്കിയുള്ളതു സംബന്ധിച്ചുകൂടി പരിശോധിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ 200 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചതിൽ ഇതുവരെ 50 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്തായാലും ഈ പദ്ധതിയുമായി മുന്നോട്ടുപോകും. ആരുടെ ഭാഗത്തുനിന്നാണ് ഇറെഗുലാരിറ്റീസ് വന്നത് എന്നുള്ളത് പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഇരുപതിനായിരത്തിൽപ്പരം ഭവനരഹിതരായ ആദിവാസികളുണ്ടെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. പത്തിരുപതുകൊല്ലം മുമ്പ് ഒരു ആദിവാസി കുടുംബത്തിന് ഒരു വീട് കൊടുത്തു. അന്ന് ആ കുടുംബത്തിലെ മൈനറായിരുന്ന കുട്ടികൾ ഇപ്പോൾ കല്യാണം കഴിച്ച് അവർക്കും കുടുംബമൊക്കെയായി. അങ്ങനെ അവിടെ ഒന്നോ രണ്ടോ ഫാമിലി വീണ്ടും വരികയാണ്. ഇരുപത് കൊല്ലം മുമ്പ് ഒരു വീട് കിട്ടി എന്നുള്ള ഒറ്റ കാരണംകൊണ്ട് ഇപ്പോൾ ഇവർക്ക് വീട് കിട്ടുന്നില്ല. അച്ഛന് കിട്ടിയെന്നുള്ളതുകൊണ്ട് തുടർന്ന് മകനും അയാളുടെ ഫാമിലിക്കും വീട് കിട്ടുന്നില്ല. ഭവനരഹിതരുടെ കണക്കെടുക്കുമ്പോൾ ഈ വസ്തുത പരിശോധിച്ചിട്ടുണ്ടോ; കണക്കിന്റെ കൃത്യത ഇതിലുണ്ടോ എന്ന് പരിശോധിക്കണം. അതുപോലെ വീടുകളുടെ എണ്ണം പെരുകുമ്പോൾ കോളനിയിൽ സ്ഥലമില്ലാതെവരുന്ന പ്രശ്നം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് കോളനികൾ വിപുലീകരിക്കാൻ സ്ഥലം ഏറ്റെടുത്തുകൊടുക്കുന്നതിനും വിപുലീകരണത്തിനുമുള്ള പദ്ധതിയുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഇതിന് ശാശ്വതമായിട്ടുള്ള പരിഹാരം കാണണമെങ്കിൽ എല്ലാ ആദിവാസി കുടുംബങ്ങൾക്കും നമ്മൾ സ്ഥലം കൊടുത്തേ പറ്റൂ. സ്ഥലമില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. സ്ഥലം ഇല്ലാത്തതുകൊണ്ടല്ല. ഭൂപരിഷ്കരണ നിയമം പാസ്സായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും ഭൂപ്രമാണികൾ അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുകയാണ്. അതുകൊണ്ട് ഭൂമി ഇല്ലാത്തതിന്റെ പ്രശ്നമല്ല. ഇക്കാര്യത്തിൽ ശക്തമായ നിലപാട് നാം അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സ്വീകരിക്കണം. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയിരിക്കുന്ന സംസ്ഥാനത്ത് ഒരു ആദിവാസി മരണപ്പെട്ടു കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അടുക്കളയിൽ കഴിച്ചുകൂട്ടുന്ന സ്ഥിതി എങ്ങനെയാണ് ഉണ്ടായത്. ഇതുസംബന്ധിച്ച് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. നേരത്തെ പറഞ്ഞതുപോലെ ഏതാണ്ട് 1,10,000 കുടുംബങ്ങളാണുള്ളത്. നമ്മുടെ കണക്കുപ്രകാരം മുപ്പതിനായിരത്തോളം കുടുംബങ്ങൾക്ക് വീടില്ല. ഇരുപതിനായിരത്തോളം വീടുകൾ ഇപ്പോൾ ഗവൺമെന്റ് വച്ചുകൊടുക്കും. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ, ഓരോ വർഷവും ഒരുപാട് കുടുംബങ്ങൾക്ക് വീടുകൾ ഇല്ലാതാകും എന്ന അനുമാനത്തിലാണ് ഈ കണക്കുകൾ പറഞ്ഞത്. ഗവൺമെന്റിന്റെ കണക്കുപ്രകാരം ഇപ്പോൾ ഭൂമിയില്ലാത്തവർ പതിനായിരത്തിൽ ചില്വാനം മാത്രമേയുള്ളൂ. ബാക്കിയുള്ളവർക്ക് വനാവകാശ നിയമം, റ്റി.ആർ.ഡി.എം. എന്നിവ പ്രകാരം കൊടുത്തുകഴിഞ്ഞു. ഈ പതിനായിരം എന്ന നമ്പർ വീണ്ടും കൂടും.

ശ്രീ. കെ. ബാബു : സർ, ഇടുക്കി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന പ്രദേശമാണ് പറമ്പിക്കുളം, നെല്ലിയാമ്പതി തുടങ്ങിയവ. നെല്ലിയാമ്പതിയിൽ താമസിക്കുന്ന ആദിവാസികൾക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നു മാത്രമല്ല, അവർക്ക് താമസിക്കാൻ ഒരു സെന്റ് ഭൂമി പോലും ഇല്ലാത്ത അവസ്ഥയാണ്. അവരെ പുനരധിവസിപ്പിക്കു ന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, പറമ്പിക്കുളത്ത് ആദിവാസികൾക്ക് ഭൂമിയില്ലെന്നുള്ള കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 10 ലക്ഷം രൂപ കൊടുത്ത് ആദിവാസികൾക്ക് ഭൂമി വാങ്ങുന്നതിനുള്ള നടപടി ഞാൻ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ എടുത്തതാണ്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലും അത് തുടർന്നു. പിന്നീട് ആ പ്രശ്നം ഉണ്ടായിട്ടുണ്ടോ എന്ന് എനിക്കറിയില്ല. അവിടെ ഭൂമി ഉണ്ടെങ്കിൽ, വനഭൂമി ആണെങ്കിൽത്തന്നെയും കേന്ദ്ര വനാവകാശ നിയമം 2006 പ്രകാരം ഭൂമി കൊടുത്തിരിക്കും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. വനഭൂമി അല്ലാത്ത ഭൂമി ഉണ്ടെങ്കിൽ അതിന് പട്ടയം കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ പരിചയ സമ്പന്നനാണെങ്കിലും നൽകിയ ഉത്തരങ്ങൾ ഫാക്ച്വൽ അല്ല. ഐ.എ.വൈ. പദ്ധതിയിൽ എസ്. സി./എസ്. ടി. വിഭാഗത്തിന് വീട് കൊടുത്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. അത് നിഷേധിക്കുന്നു.

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കുക. ചോദ്യത്തിന് പ്രസംഗിക്കണമെന്നില്ല. ചോദ്യം ചോദിക്കുക. ....(ബഹളം)......

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങും ഇവിടെ ഇരുന്ന ആളാണല്ലോ? ....(ബഹളം)...... ഞാൻ ഇനി ചോദ്യം ചോദിക്കുന്നില്ല. ....(ബഹളം).....

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കൂ. . . . .(ബഹളം)..... ചോദ്യത്തിന്റെ ഭാഗമായി പ്രസ്താവന നടത്തുന്നത് ശരിയാണോ? ....(ബഹളം)..... മന്ത്രിയോട് ചോദ്യം ചോദിക്കാം. അങ്ങ് ചോദ്യം ചോദിക്കുന്നെങ്കിൽ ചോദിക്കൂ.....(ബഹളം)..... നിങ്ങൾ പ്രകോപിതരാകണ്ട. ചോദ്യത്തിന്റെ ഭാഗമായി പ്രസ്താവന നടത്തുന്നത് ശരിയല്ലെന്നാണ് ചെയർ ഉദ്ദേശിച്ചത്. ശ്രീ. കെ. സി. ജോസഫ്, അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ : സർ, ഐ.എ.വൈ. എന്നൊരു വാക്ക് മുൻമന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ ഭാഗത്തുനിന്നും വന്നു. മുൻമന്ത്രി ഗ്രാമവികസന വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കോളിംഗ് അറ്റൻഷൻ ഞാൻ അവതരിപ്പിച്ചതാണ്. ഈ സഭയിൽ ഞാനും അദ്ദേഹവുമായി ഏറ്റുമുട്ടിയതാണ്. പ്രതിപക്ഷ നേതാവിനെ വച്ചുകൊണ്ട് ഒരന്വേഷണം നടത്താൻ ഞാൻ തയ്യാറാണ്, ഞാൻ ഫയലുകൾ കൊടുക്കാം. ഞാനിപ്പോൾ കൈകാര്യം ചെയ്യേണ്ടുന്ന വകുപ്പിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി വഴി 2013-14, 2014-15-ൽ 9333 വീടുകളാണ് മുൻമന്ത്രിമാർ കൊടുക്കേണ്ടത്. അതേ എണ്ണം (9333) തന്നെയാണ് 2015-ലും 2016-ലും കൊടുക്കേണ്ടത്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് പട്ടികജാതി വകുപ്പിൽനിന്ന് ഒരു പൈസപോലും ഐ.എ.വൈ.-യിൽ കൊടുത്തിട്ടില്ല. അത് നിങ്ങൾ പരിശോധിച്ചാൽ മതി.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങ് തെറ്റായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഐ.എ.വൈ. പദ്ധതിക്കുവേണ്ടി പട്ടികജാതി വികസന വകുപ്പ് ഒരു രൂപപോലും കൊടുത്തിട്ടില്ലെന്ന അങ്ങയുടെ പരാമർശം നൂറ് ശതമാനം തെറ്റാണ്. അത് പരിശോധിക്കണം.

മി. സ്പീക്കർ : ശ്രീ. എ. പി. അനിൽ കുമാർ, അങ്ങേക്ക് ഉപചോദ്യം ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാം.

ശ്രീ. എ. കെ. ബാലൻ : സർ, പരിശോധിക്കാമെന്നു മാത്രമല്ല ഞാൻ ഈ ഫയൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കൊടുക്കാം. അതിലൊരു സംശയവും വേണ്ട. സത്യസന്ധമായിട്ടു മാത്രമെ ഈ അസംബ്ലിയിൽ പറയാൻ കഴിയൂ. അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (ATSP) പ്രകാരം 2013-14 വർഷത്തിൽ 10071 വീടുകൾക്ക് സാങ്ഷൻ കൊടുത്തു. ഒരൊറ്റ വീടും പൂർത്തീകരിച്ചില്ല. ജനറൽ ഹൗസിംഗ് പ്രകാരം 2907 എണ്ണത്തിൽ 354 വീട്

പൂർത്തീകരിച്ചു. ഐ.എ.വൈ. പദ്ധതിയിൽ രണ്ടുവർഷംകൊണ്ട് 18674 വീടുകൾ പൂർത്തീകരിച്ചിട്ടില്ല എന്നുള്ള കണക്ക് നിങ്ങളുടെ ഡയറക്ടർ തന്നതാണ്. അദ്ദേഹത്തെ ഞാൻ മാറ്റിയിട്ടില്ല. എനിക്ക് കളവ് പറയേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ ഫയൽ കൊടുക്കാമെന്ന് പറഞ്ഞത്. ഇതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ഉദ്യോഗസ്ഥൻമാരോട് വിശദീകരണം ചോദിക്കാം.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ആദിവാസി കുടുംബങ്ങൾക്ക് ഇത്ര വീടുകൾ കൊടുത്തു എന്നുപറയുന്നതിനോടൊപ്പം കൊടുക്കുന്ന വീടുകളുടെ ഗുണനിലവാരം കൂടി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. എന്റെ അനുഭവത്തിൽ, നിർമ്മിച്ചുകഴിഞ്ഞ പല വീടുകളിലും ഒരു വർഷം കഴിയുമ്പോഴേക്കും വാതിലുകളും വിജാഗിരികളും ജനലുകളുമില്ലാത്ത പ്രശ്നങ്ങൾ ഉയർന്നുവരികയാണ്. ഒരു മോണിറ്ററിംഗ് സിസ്റ്റമില്ലാതെ ഇത്ര വീടുകൾ നിർമ്മിച്ചു എന്നുപറഞ്ഞാൽ ഓരോ വർഷം കഴിയുന്തോറും വീടുകളുടെ എണ്ണം കുറഞ്ഞുവരികയല്ലാതെ കൂടാനുള്ള സാദ്ധ്യതയില്ല. ഒരു പ്രത്യേക ഏജൻസിയെ ഇതിന്റെ നിർമ്മാണത്തിന് ഏല്പിച്ചില്ലെങ്കിൽ നമ്മുടെ ഖജനാവ് വലിയ തോതിൽ ചോർന്നുപോകുന്ന സാഹചര്യവും ആദിവാസി സമൂഹത്തിൽ വീടില്ലാത്ത സാഹചര്യവും ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും അക്കാര്യത്തിൽ ശ്രദ്ധയുണ്ടാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഗുണമേന്മയുള്ള വീട് വച്ചുകൊടുക്കാൻ നമുക്ക് കഴിയുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അഹാഡ്സിന്റെ പദ്ധതി അട്ടപ്പാടിയിൽ നടപ്പിലാക്കിയതിനുശേഷം എത്ര മനോഹരമായിട്ടുള്ള വീടുകളാണ് അവർ നിർമ്മിക്കുന്നത്. ഒരു ഏജൻസിയും പത്ത് പൈസ പോലും കമ്മീഷനായി എടുക്കുന്നില്ല. ആത്മാർത്ഥമായി ഉദ്യോഗസ്ഥന്മാർ പണിയെടുക്കും. ആദിവാസികളുടെ മനസ്സറിഞ്ഞുകൊണ്ട് പദ്ധതികൾ അവിടെ നടപ്പിലാക്കി. അങ്ങനെയുള്ള ഒരു ഏജൻസി ഉണ്ടാകുന്നത് നന്നായിരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ടുണ്ട്. എന്റെ മുൻഗാമി ഈ വകുപ്പ് കൈകാര്യം ചെയ്ത സമയത്താണ് മൂന്നര ലക്ഷം രൂപയായി തുക കൂട്ടികൊടുത്തത്. ഓരോരോ കാലഘട്ടത്തിലും തുക കൂട്ടിക്കൊടുക്കുന്നുണ്ട്. തുക കൂട്ടിക്കൊടുത്തതിന്റെ ഭാഗമായി വീട് പൂർത്തിയാക്കാൻ കഴിയുന്നുണ്ടോ? വനാന്തരങ്ങളിൽ പ്രത്യേകിച്ച് പ്രാക്തന ആദിവാസികളുള്ള, കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോല നായ്ക്കർ എന്നിവരുള്ള സ്ഥലങ്ങളിൽ മൂന്നര ലക്ഷം രൂപയ്ക്ക് ആരാണ് വീട് വച്ചുകൊടുക്കുക. അതുകൊണ്ട് ഈ തുക വർദ്ധിപ്പിച്ചേ മതിയാകൂ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന്റെ മോണിറ്ററിംഗിന് ഗവൺമെന്റ് ശക്തമായ നിലപാട് എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly